രാജ്യത്ത് കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ വീണ്ടും ശക്തമാക്കിയ സാഹചര്യത്തിൽ മുദ്രപ്പത്രങ്ങൾ ലഭ്യമാക്കുന്നതിന് നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽനിന്നും അനുമതി ലഭിച്ചിട്ടില്ലായിരുന്നു. ഇപ്പോൾ മഹാരാഷ്ട്ര സർക്കാരിന്റെ അനുമതി ലഭ്യമായതിനെത്തുടർന്ന് സെക്യൂരിറ്റി പ്രസ്സിൽ നിന്നും മുദ്രയും മുദ്രപ്പത്രങ്ങളും എത്തിക്കുന്നതിന് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽനിന്നും ഉദ്യോഗസ്ഥർ പോയിട്ടുണ്ട്. സെൻട്രൽ ഡിപ്പോയിൽനിന്നും ട്രഷറി ഡിപ്പോകൾക്ക് സ്റ്റാമ്പിന്റെ സ്റ്റോക്ക് ലഭിക്കുന്ന മുറയ്ക്ക് ₹50, ₹100 മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രക്ഷാമം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുന്നതാണ്.

കിളിമാന്നൂരിൽ പുതിയ കോടതി

96(365) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാന്നൂർ കേന്ദ്രീകരിച്ച് പുതിയ കോടതി ആരംഭിക്കുവാൻ വകുപ്പ് തലത്തിൽ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ) നമ്പർ79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കോടതികളെ പ്രാധാന്യമനുസരിച്ച് മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പരിഗണിക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം മുൻഗണനാ ലിസ്റ്റിൽനിന്നും MACT കാസർഗോഡ്, മുൻസിഫ് മജിസ്ട്രേറ്റ് കോടതി അട്ടപ്പാടി എന്നിവ മാത്രമേ ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടുള്ളൂ. നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ കുറച്ചു കോടതികളെക്കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിട്ടുള്ളതിൽ 57-ാമതായി കിളിമാന്നൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലെ മുൻഗണനാ ലിസ്റ്റ് പുതുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ അഭിഭാഷകന്റെ സേവനം

97(366) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് കേസുകളിൽ കുറ്റപത്രം സമർപ്പിക്കുമ്പോൾ സർക്കാർ അഭിഭാഷകന്റെ ഉപദേശം സ്വീകരിച്ചു വരുന്നുണ്ടോ; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പല കേസുകളിലും കുറ്റപത്രത്തിലെ പഴുതുകൾ ഉപയോഗിച്ച് കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യമുള്ളതിനാൽ കുറ്റപത്രങ്ങൾ തയ്യാറാക്കുമ്പോൾ സർക്കാർ അഭിഭാഷകന്റെ ഉപദേശംകൂടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) അന്വേഷണം പൂർത്തിയാക്കിയ ക്രൈം കേസുകളിൽ കുറ്റപത്രം തയ്യാറാക്കുമ്പോൾ അനിവാര്യമായ സാഹചര്യങ്ങളിൽ സർക്കാർ അഭിഭാഷകന്റെ ഉപദേശം പരിഗണിക്കാറുണ്ട്.

(സി) കുറ്റപത്രം തയ്യാറാക്കുമ്പോൾ കൃത്യമായ നിയമോപദേശം നൽകുന്നതിനായി ഓരോ ഡി.വൈ.എസ്.പി.-മാരുടെയും കീഴിൽ സർക്കാർ അഭിഭാഷകന്റെ സേവനം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

കേസന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നിയമോപദേശം നൽകുന്നതിനായി ഓരോ ജില്ലയിലും ഒരു പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടറേയും ഒരു അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറേയും പ്രത്യേകമായി നീക്കിവയ്ക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

98(367) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ എൻ.സി.ഡി.സി നവീകരണ പദ്ധതിയുടെ ആകെ അടങ്കൽ തുകയായ 57.36 കോടി രൂപയിൽ, 31-3-2021 വരെ 26.95 കോടി രൂപ മില്ലിന് കൈമാറിയിട്ടുണ്ട്. ആദ്യഘട്ട നവീകരണത്തിന്റെ ഭാഗമായി 7296 സ്പിൻഡൽസ് സ്ഥാപിക്കുകയും 2021 ഫെബ്രുവരി 16 മുതൽ മിൽ പുന:പ്രവർത്തനമാരംഭിക്കുകയും ചെയ്തു. വൈൻഡിംഗ് ഡിപ്പാർട്ടമെന്റ് ഒഴികെയുള്ള മറ്റു ഡിപ്പാർട്ട്മെന്റുകളെല്ലാം തന്നെ പൂർണ്ണതോതിൽ നവീകരിക്കുകയും പ്രവർത്തനം സുഗമമായി നടന്നുവരികയുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ടി മില്ലിന്റെ നവീകരണത്തിനായി 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ടി തുകയ്ക്കുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.